പ്രധാന റോഡുകൾ കോൺക്രീറ്റു ചെയ്യുന്നതിനുള്ള പദ്ധതി

17 (*227) ശ്രീ. എം. ഹംസ:
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. ടി. ജലീൽ :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രധാന റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) കോൺക്രീറ്റ് റോഡുകളുടെ ഗുണനിലവാരം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) മഴക്കാലത്തും കുറ്റമറ്റ രീതിയിൽ റോഡുപണി പൂർത്തിയാക്കാൻ കഴിയുന്ന മാർഗ്ഗം തയ്യാറാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) റോഡുകളുടെ നിർമ്മാണം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കുന്നതിന് പ്രൈസിസ് മാനേജ്മെന്റ് സമിതികൾ രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ഇ) കാലവർഷക്കാലത്ത് തകർന്ന റോഡുകൾ നന്നാക്കുന്നതിന് കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ ?

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പ് മന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ,

(എ-സി) സംസ്ഥാനത്തെ പ്രധാന റോഡുകൾ കാലാവസ്ഥാ വ്യതിയാനമൂലം തകരാറിലാകാതിരിക്കുന്നതിനും മഴക്കാലത്തും കുറ്റമറ്റരീതിയിൽ റോഡുപണി നടത്തുന്നതിനും വേണ്ടി പഠനം നടത്തുന്നതിനു ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. ഇന്ത്യൻ റോഡ് കോൺഗ്രസ്, ബോർഡർ റോഡ് ഓർഗനൈസേഷൻ എന്നിവയുടെ പ്രതിനിധികൾ കമ്മിറ്റിയിൽ അംഗങ്ങളായിരിക്കും.

(ഡി) മഴക്കെടുതിമൂലം റോഡുകൾക്ക് വേണ്ടി വന്ന അടിയന്തര അറ്റകുറ്റപണികൾ മരാമത്ത് മന്ത്രി ചെയർമാനായി വിവിധ മന്ത്രിമാരും ഉദ്യോഗസ്ഥരും അടങ്ങിയ സംസ്ഥാനതല പ്രൈസിസ് മാനേജ്മെന്റ് സമിതിയുടെ വിവിധ മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ ജില്ലാതല സമിതിയും നിരീക്ഷിക്കുന്നുണ്ട്.

(ഇ) കാലവർഷക്കാലത്ത് 12-10-2010 വരെ 133.42 കോടി രൂപയുടെ നാശ നഷ്ടം കണക്കാക്കിയിട്ടുണ്ട്. കാലവർഷക്കെടുതി വിലയിരുത്താനായി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നേതൃത്വത്തിലുള്ള ഇന്റർമിനിസ്റ്റീരിയൽ സമിതി സന്ദർശനത്തിനെത്തുമ്പോൾ ഇക്കാര്യം ധരിപ്പിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly